**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3570

11.12.18 - ൽ മറുപടിക്ക്.

**അയൽക്കൂട്ടങ്ങളുടെ വിപുലീകരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി. യു. പ്രതിഭ<br>ശ്രീ. ഡി.കെ.മുരളി<br>ശ്രീ. സി.കൃഷ്ണൻ<br>പ്രൊഫ. കെ.യു.അരുണൻ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ അയൽക്കൂട്ട വർഷത്തിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളുടെ വിപുലീകരണത്തിനും ശാക്തീകരണത്തിനുമായി നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;കഴിഞ്ഞ രണ്ട് വർഷമായി കുടുംബശ്രീക്ക് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണ്; | (എ) കുടുംബശ്രീ അയൽക്കൂട്ടതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2018-19 ൽ സംഘടിപ്പിക്കുന്ന 'ഇയർ ഓഫ് എൻ.എച്ച്.ജി.' ക്യാമ്പെയിനിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-<br>(i) പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക (ii) ശാരീരിക-മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ്ജെന്ററുകൾ, വയോജനങ്ങൾ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക (iii) പ്രവർത്തന രഹിതമായിരുന്ന അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കുക (iv) കണക്കുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിനുള്ള പരിശീലനം കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി 2018 ഡിസംബർ മാസത്തിൽ സംഘടിപ്പിക്കുക (v) അയൽക്കൂട്ടം-എ.ഡി.എസ്.-സി.ഡി.എസ്. ഗ്രേഡേഷൻ പ്രവർത്തനങ്ങളും മെന്റർ അയൽക്കൂട്ടങ്ങളും എ.ഡി.എസ്., സി.ഡി.എസ് തെരഞ്ഞെടുപ്പും 2019 ജനുവരി മാസത്തിൽ സംഘടിപ്പിക്കുക.<br>കഴിഞ്ഞ 2 വർഷമായി കുടുംബശ്രീയ്ക്ക് ലഭിച്ച ഇരുപതിൽപ്പരം അംഗീകാരങ്ങളുടെ ലിസ്റ്റ് അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ മിഷൻ വിവിധ മേഖലകളിലായി പുതിയതായി ഏർപ്പെടുത്തിയ സാമ്പത്തിക പിന്തുണ സ്കീമുകൾ ഏതെല്ലാം; | (ബി) കുടുംബശ്രീ മിഷൻ വിവിധ മേഖലകളിലായി സാമ്പത്തിക പിന്തുണ സ്കീമുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം 2- ആയി ചേർത്തിട്ടുണ്ട്. |

(സി) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സംയോജിത പദ്ധതികൾ ഏതെല്ലാമാണ്; ജൻഡർ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സംയോജിത പദ്ധതികൾ ചുവടെ ചേർക്കുന്നു.

| പദ്ധതികൾ | സംയോജിത വകുപ്പ് |
|---|---|
| ഇ-സേവന കേന്ദ്രം | മോട്ടോർ വാഹന വകുപ്പ് |
| നിർമ്മാണ യൂണിറ്റുകൾ | MGNREGA വകുപ്പ് |
| ക്യാൻറീൻ, കാറ്ററിംഗ് | തദ്ദേശ സ്വയംഭരണ വകുപ്പ് |
| ഹരിത സേന | ഹരിത മിഷൻ & ശുചിത്വ മിഷൻ |
| ന്യൂട്രിമിക്സ് | വനിതാ ശിശുവികസന വകുപ്പ് |
| ജെൻഡർ റിസോഴ്സ് സെൻറർ | തദ്ദേശ സ്വയംഭണ വകുപ്പ് |

**ജെൻഡർ റിസോഴ്സ് സെന്ററുകൾ**

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമായ 347 ജെൻഡർ റിസോഴ്സ് സെന്ററുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ രണ്ട് ദിവസത്തെ കൗൺസിലിങ് സേവനം, ജൻഡർ അവബോധ പരിശീലന പരിപാടികൾ, പ്രാപ്തി വർദ്ധനവിനുള്ള പരിശീലനങ്ങൾ, വിവിധ വിഷയങ്ങളെ സംബന്ധിച്ച അവബോധ ക്ലാസുകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കലാ കായിക ഗ്രൂപ്പുകളുടെ രൂപീകരണം, സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവ ജൻഡർ റിസോഴ്സ് സെന്ററുകളിൽ നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകളുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനും സഹായിക്കുന്നു.

(ഡി) അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

(ഡി) അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരശേഖരണത്തിനായി കുടുംബശ്രീ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേ പൂർത്തിയായിട്ടുണ്ട്. സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ പദ്ധതി രേഖ തയ്യാറാക്കുന്ന പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടന്നു വരുന്നു. 483 തദ്ദേശ സ്ഥാപനങ്ങൾ പദ്ധതിരേഖ സമർപ്പിച്ചിട്ടുള്ളതും, 227 എണ്ണം അവസാന ഘട്ടത്തിലുമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ

ഉത്തരവ്‌ നം ൦-1

| Awards received by Kudumbashree in 2017 & 2018 | | |
|---|---|---|
| Year/Month | Name of the Award | Instituted by |
| 2018 September | The Skoch Award for Corporate Excellence (Bronze) has been awarded to Kudumbashree Mission for Deen Dayal Upadhyaya Grameen Kaushalya Yojana (DDUGKY) | SKOCH Group |
| 2018 September | The Skoch Order of Merit for Deen Dayal Upadhyaya Grameen Kaushalya Yojana (DDUGKY) | SKOCH Group |
| 2018 | The Skoch Order of Merit for Kudumbashree School Capacity Building programme for 43 lakh Kudumbashree NHG members | SKOCH Group |
| 2018 September | The Skoch Order of Merit for Kudumbashree Facility Management Center | SKOCH Group |
| 2018 September | The Skoch Order of Merit for Kudumbashree Homeshop | SKOCH Group |
| 2018 September | The Skoch Order of Merit for Kudumbashree Women Construction Groups | SKOCH Group |
| 2018 September | The Skoch Order of Merit for Kudumbashree Amrutham Nutrimix | SKOCH Group |
| 2018 September | National Award for implementing agriculture livelihoods as a part of NRLM | Ministry of Rural Development, Govt. of India |
| 2018 August | Appreciation for Kudumbashree | Reliance General Insurance |
| 2018 July | KMA Excellence Awards-2018 | Kerala Management Association |
| 2018 June | Appreciation for Kudumbashree | KMRL |
| 2018 June | National Award for best Neighbourhood Groups | Ministry of Rural Development, Govt. of India |
| 2018 June | State Award for activities undertaken to reduce plastic use | Department of Environment and Climate Change |
| 2018 May | National Award for DDUGKY implementation | Ministry of Rural Development, Govt. of India |
| 2018 March | National Award for NULM implementation | Ministry of Housing, Govt. of India |
| 2018 March | Swachhatha Excellency National Award for 7 Area Development Societies of Kudumbashree | Ministry of Housing, Govt. of India |

| | | |
|---|---|---|
| 2018 | Best Women Initiative Award by GULF Madhyamam | GULF Madhyamam |
| 2017 June | National Award for Best performing state (DDU-GKY) | Ministry of Rural Development, Govt. of India |
| 2017 June | National Award for Best Performance (NRO) | Union Ministry of Rural Development, Govt of India |
| 2017 November | India International Trade Fair Best Exhibitor Award | India Trade Promotion Organisation (ITPO) |
| 2017 November | Government of Uganda Appreciation Certificate for Capacity Building and Training | Government of Uganda as part of FTTF |

അനുബന്ധം -2

1.തീരദേശ മേഖലയിലെ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം 2,000 തീരദേശ അയൽക്കൂട്ടങ്ങൾക്കും, 2018-19 -ൽ 1,000 തീരദേശ അയൽക്കൂട്ടങ്ങൾക്കും 15,000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകി.

2. 2017-18 വർഷം ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന അയൽക്കൂട്ടങ്ങൾക്കും ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങൾക്കും 10,000/ രൂപ വീതവും വയോജന അയൽക്കൂട്ടത്തിന് 5250/ രൂപയും കോർപ്പസ് ഫണ്ട് നൽകി

3.കാർഷിക മേഖലയിൽ കൂടുതൽ മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആകെ പദ്ധതി തുകയായ 5 ലക്ഷം രൂപയിൽ (ഗുണഭോക്തൃവിഹിതം ഉൾപ്പെടെ) 2 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയായി ഈ സാമ്പത്തിക വർഷം മുതൽ നൽകിവരുന്നു.

4. പുതിയ ടെക്നോളജികൾ നടപ്പിലാക്കുന്നതിനായി ആകെ പദ്ധതി തുകയുടെ 40 ശതമാനമോ രണ്ട് ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക ടെക്നോളജി ഫണ്ടായി അനുവദിക്കുന്നുണ്ട്.

5. ജൈവകൃഷി കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ആൾക്കാരിലേയ്ക്ക് എത്തിക്കുന്നതിനുമായി ഏരിയ ഇൻസെന്റീവ് വ്യവസ്ഥയിൽ ഭേദഗതി വരുത്തി പൂർണ്ണമായും ജൈവ കൃഷിചെയ്യുന്ന ജെഎൽജികൾക്ക് 10% അധികം തുക ഏരിയ ഇൻസെന്റീവ് ആയി നൽകുന്നു.

6.അനിമൽ ഹസ്ബൻഡറി മേഖലയിൽ തെരുവ് നായ വന്ധ്യംകരണത്തിനായി(എ.ബി.സി പദ്ധതി) പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ എം.ഇ യൂണിറ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 50000 രൂപ സ്റ്റാർട്ട് അപ്പ് ഫണ്ടായി നൽകുന്നു.

7. കുടുംബശ്രീ കേരള ചിക്കൻ ബ്രോയിലർ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡിയായി 50000 രൂപ നൽകുന്നു.

8. പാലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡിയായി കുടുംബശ്രീ മിഷൻ 50000 രൂപ നൽകി വരുന്നു.

9. മൃഗസംരക്ഷണ മേഖലയിലെ നൂതന സാധ്യതയായ പെറ്റ് അനിമൽ കെയർ (ഓമനമൃഗ പരിപാലനം)മായി ബന്ധപ്പെട്ട വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ 50000 രൂപ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

10. ക്യൂ.ആർ. കോഡ് ചെയ്ത ബ്രാൻഡഡ് നാടൻ മുട്ട ചുരുങ്ങിയ വിലയ്ക്ക് വിപണിയിലെത്തിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നു.

11. മൈക്രോ എന്റർപ്രൈസ് മേഖലയിൽ കുടുംബശ്രീ അംഗങ്ങൾക്കും അവരുടെ കുടുബാംഗങ്ങൾക്കും തൊഴിലവസരം സൃഷ്ടിച്ച് സാമ്പത്തിക സ്വാശ്രയത്വം ലക്ഷമിട്ട് കുടുംബശ്രീ ആരംഭിച്ച 'പ്രത്യാശ'പദ്ധതിയിൽ ഉൾപ്പെടുത്തി 5 പേർ അടങ്ങിയ ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 2.5 ലക്ഷം രൂപയും, വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി 50,000 രൂപയും പ്രത്യാശ സ്റ്റാർട്ട് അപ്പ് ഫണ്ടായി നൽകുന്നു.

12. തീരദേശ മൈക്രോ എന്റർപ്രൈസ് (സിഎംഇ) പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ മേഖലയിൽ വസിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സ്വയംതൊഴിൽ ആരംഭിക്കുന്നതിന്, ഗ്രൂപ്പ് സംരംഭങ്ങൾക്ക് പ്രോജക്റ്റ് തുകയുടെ 75% അല്ലെങ്കിൽ 5 ലക്ഷം രൂപ(ഏതാണ് കുറവ്)യും വ്യക്തിഗത സംരംഭങ്ങൾക്ക് പ്രോജക്റ്റ് തുകയുടെ 75% അല്ലെങ്കിൽ ഒരു ലക്ഷം രൂപ(ഏതാണോ കുറവ്)യും മൂലധന സബ്സിഡിയായി നൽകുന്നു.

13. ബാങ്ക് വായ്പ ലഭിക്കാൻ സാധ്യതയില്ലാത്തതോ, പ്രത്യേക സാഹചര്യത്തിൽ അടിയന്തിര പ്രാധാന്യത്തോടു കൂടി ആരംഭിക്കേണ്ടതോ ആയ സംരംഭങ്ങൾക്ക് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന ധനസഹായമായി വ്യക്തിഗത സംരംഭങ്ങൾക്ക് 10,000/- രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് 50,000/- രൂപയും അനുവദിച്ചു നൽകുന്നു.

14. നഷ്ടത്തിൽ പ്രവർത്തിക്കുന്നതോ പ്രവർത്തന മാന്ദ്യം സംഭവിച്ചതോ ആയ യൂണിറ്റുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും, യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുമുള്ള തുക ജില്ലാ തലത്തിൽ പരിശോധനയ്ക്ക് വിധേയമായി അനുവദിക്കുന്നു.

15. മൈക്രോ ഫിനാൻസ് മേഖലയിൽ പലിശ സബ്സിഡി - മൂന്ന് ലക്ഷം വരെയുള്ള ബാങ്ക് വായ്പ 4% പലിശയ്ക്ക് അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നു.

16. റിസർജന്റ് കേരള ലോൺ സ്കീം - പ്രളയക്കെടുതിയെ തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് ഗാർഹിക ഉപകരണങ്ങൾ/ഉപജീവനോപാധികൾ വാങ്ങുന്നതിനായി കുടുംബശ്രീ അംഗങ്ങൾക്ക് 1,00,000 രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു.